പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നമ്പർ : 4904 01.07.2013-ൽ മറുപടിക്ക്

കെ. എസ്.ബി.സി. യുടെ ആസ്ഥാന മന്ദിരം

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ | കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |
| കെ.എസ്.ബി.സി - യുടെ ആസ്ഥാന മന്ദിരത്തിന്റെ നിർമ്മാണ പ്രവർത്തനം ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കുമോ? | കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷന്റെ ആസ്ഥാന മന്ദിരം നിർമ്മിക്കുന്നതിനായി സർക്കാർ അനുവദിച്ച, കവടിയാർ വില്ലേജിൽപ്പെട്ട സർവ്വേ നമ്പർ 2243/2 - ലുള്ള 28.243 സെന്റ് സ്ഥലത്ത്, ഏഴ് നിലകളിൽ 33,000 ചതുരശ്ര അടി വിസ്തീർണ്ണമുള്ള ഓഫീസ് മന്ദിരം പണിയാനുള്ള പദ്ധതിയാണ് തയ്യാറാക്കിയിരുന്നത്. എന്നാൽ കെട്ടിട നിർമ്മാണത്തിന് ആവശ്യമായ അനുമതി തിരുവനന്തപുരം കോർപ്പറേഷനിൽ നിന്ന് ലഭിച്ചതു് 22.4.13-ലാണ്. CTP- യുടെ അനുമതി 25.3.13 ലും ഫയർ NOC 26.03.2013 -ലും എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയുടെ അനുമതി 5.3.2013 ലുമാണ് ലഭിച്ചതു്. ബി.എസ്.എൽ.എൽ- ലുമായി ഉടമ്പടി 20.5.2013-ാം തീയതി ഒപ്പിടുകയുണ്ടായി. നിർമ്മാണത്തിന്റെ ആദ്യഭാഗമായി, ഫൗണ്ടേഷന്റെ നിർമ്മാണ ജോലിക്ക് കരാർ നൽകിക്കഴിഞ്ഞു. ഇതിന്റെ ഭാഗമായി, മണ്ണു നീക്കം ചെയ്യുന്ന ജോലി ഇതിനോടകം ആരംഭിച്ചുകഴിഞ്ഞു. 20 മാസം കൊണ്ട് പണി പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്. 2015 ജനുവരി 31 നകം പണി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. |

സെക്ഷൻ ഓഫീസർ